**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1322** **19-09-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തി നടന്ന പൊതുമരാമത്ത് റോഡുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | അനുബന്ധം I ആയി ചേർക്കുന്നു |
| (ബി) | അവണൂർ-മുണ്ടൂർ ബി.എം. & ബി.സി. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അനുബന്ധം IIആയി ചേർക്കുന്നു |
| (സി) | റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | അനുബന്ധം Iആയി ചേർക്കുന്നു |
| (ഡി) | ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം I</u>

**1. <u>കുറ്റൂർ ചമക്കാട് റോഡ് -</u>**

**CH-0/000 to 1/110 KWA section-1** തൃശ്ശൂർ **JJM**-പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കി **PWD** യ്ക്കു റോഡ് തിരികെ കൈമാറി നൽകിയിട്ടുള്ളതാണ്. ഈ റോഡിൽ നിലവിൽ ഒറിജിനൽ പ്രവർത്തി നടക്കുന്നതിനാൽ **KWA** അടവാക്കിയ തുക ഉപയോഗിച്ച് പി ഡബ്ല്യു. ഡി റസ്റ്റോറേഷൻ പ്രവർത്തി ചെയ്യുന്നതിലേക്കായി ബന്ധപെട്ട കരാറുക്കാരനുമായി അനുബന്ധ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ മാസം പ്രവൃത്തി പൂർത്തികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**2. <u>കൊട്ടേക്കാട് മുണ്ടൂർ റോഡ്</u> -**

**Ch0/600 to 4/000** കേരള വാട്ടർ അതോറിറ്റി **section-1** തൃശ്ശൂർ **JJM**-പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കി **PWD** യ്ക്കു റോഡ് തിരികെ കൈമാറി നൽകിയിട്ടുള്ളതാണ്. ഈ റോഡിൽ നിലവിൽ ഒറിജിനൽ പ്രവർത്തി നടക്കുന്നതിനാൽ **KWA** അടവാക്കിയ തുക ഉപയോഗിച്ച് പി. ഡബ്ല്യു ഡി റെസ്റ്റോറേഷൻ (പ്രവർത്തി ചെയ്യുന്നതിലേക്കായി ബന്ധപെട്ട കരാറുക്കാരനുമായി അനുബന്ധ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. <u>**Ch-5/000 to 8/000 and 8/000 to 9/226**</u>**-** ഈ റീച്ചുകളിൽ **JJM** പൈപ്പിടുന്നതിനായി അനുമതി നൽകിയിട്ടുള്ളതും, പ്രോജക്ക് ഡിവിഷൻ നാട്ടിക_പൈപ്പിടൽ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ലാത്തതുമാണ് **KWA** കരാറുകാരൻ പ്രവർത്തി നിർത്തി പോകുകയും, തുടർ പ്രവർത്തികൾ നടക്കുന്നതിന് **KWA** നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പി ഡബ്ല്യു ഡി പ്രവൃത്തി അനിയന്ത്രിതമായി നീണ്ടുപോവുകയും റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തതിനെ തുടർന്ന് കട്ടിംഗ് പെർമിഷൻ റദ്ദ് ചെയ് ഉത്തരവാകുകയും[ **KWA** അടവാക്കിയ തുക ഉപയോഗിച്ച് റസ്റ്ററേഷൻ പ്രവർത്തി ക്രമീകരിച്ചു നിലവിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ അനുബന്ധ ഉടമ്പടിയിൽ ഏർപ്പെട്ട് പൈപ്പിട്ട ഭാഗത്ത് റസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**3. <u>അവണ്ണൂർ റോഡ്-</u>**

**Ch.0/000 to 6/000**-ഈ റീച്ചിൽ **JJM** പൈപ്പിടുന്നതിനായി അനുമതി നൽകിയിട്ടുള്ളതും പ്രോജക്ക് ഡിവിഷൻ നാട്ടിക_പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. **KWA** കരാറുകാരൻ പ്രവർത്തി നിർത്തി പോകുകയും,

തുടർ പ്രവർത്തികൾ നടക്കുന്നതിന് KWA നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ പിഡബ്ല്യുഡി ഓൺഗോയിങ് പ്രവർത്തി അനിയന്ത്രിതമായി നീണ്ടുപോവുകയും റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തതിനെ തുടർന്ന് കട്ടിംഗ് പെർമിഷൻ റദ്ദ് ചെയ്ത് ഉത്തരവാകുകയും, KWA അടവാക്കിയ തുക ഉപയോഗിച്ച് റസ്റ്ററേഷൻ പ്രവർത്തി ക്രമീകരിച്ചു നിലവിലുള്ള പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ അനുബന്ധ ഉടമ്പടിയിൽ ഏർപ്പെട്ട് പൈപ്പിട്ട ഭാഗത്ത് റസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.Ch.3/100 to 8/900- KWA പൈപ്പിടൽ പ്രവർത്തി പൂർത്തീകരിച്ചുവെങ്കിലും റസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല പ്രസ്തുത റീച്ചിൽ പൊതുമരാമത്ത് പ്രവൃത്തി നിലവിൽ ഇല്ലാത്തതിനാൽ KWA ആണ് റസ്റ്റോറേഷൻ പ്രവർത്തി ക്രമീകരിക്കുന്നത് എന്നാൽ നാളിതുവരെ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ബന്ധപ്പെട്ട കരാറുകാരൻ പ്രവർത്തി നിർത്തി പോയതായാണ് KWA അധികൃതർ വടക്കാഞ്ചേരി CMT മീറ്റിങ്ങുകളിൽ അറിയിച്ചിട്ടുള്ളത്. പൈപ്പ് ഇടുന്നതിനായി കട്ട് ചെയ്ത റോഡ് ക്രോസിങ്ങുകൾ അപകടകരമായ രീതിയിൽ ആയതിനെ തുടർന്ന് KWA പ്രത്യേകം പ്രവർത്തി ക്രമീകരിച്ചിട്ടുള്ളതായി വടക്കാഞ്ചേരി:CMT യിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ചിട്ടില്ല. നിരന്തരമായ പരാതികളെ തുടർന്ന് KWA ഡെപ്പോസിറ്റ് തുക ഉപയോഗിച്ച് റസ്റ്റോറേഷൻ പ്രവർത്തി KWA ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻപ്രവർത്തിക്കായുള്ള തുക പ്രസ്തുത വാട്ടർ അതോറിറ്റി സെക്ഷൻ, മറ്റ് പ്രവൃത്തിക്കായി അടവാക്കിയ തുകയിൽ നിന്നും ബാലൻസ് തുക ഉപയോഗിച്ച് കണ്ടെത്തുന്നതിനുള്ള തുടർ നടപടികൾ പുരോഗതിയിലാണ്.

**4.അവനൂർ വരടിയം റോഡ്**

KWA പ്രൊജെക്റ്റ് ഡിവിഷൻ നാട്ടിക പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ JJM-പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കിയ ഭാഗത്ത് റസ്റ്ററേഷൻ നടത്തുന്നതിനായി മറ്റു പ്രവർത്തികൾക്കായി അടവാക്കിയ ഡെപ്പോസിറ്റ് തുകയിൽ ബാലൻസ് ഉപയോഗിച്ച് പ്രവർത്തി ക്രമീകരിച്ചിട്ടുണ്ട്.

**5. വെളപ്പായ മെഡിക്കൽ കോളേജ് റോഡ്-**

KWA project division Nattika പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കി റോഡ് തിരികെ നൽകിയിട്ടുള്ളതാണ്. നിലവിൽ പ്രസ്തുത റോഡിൽ ongoing പ്രവൃത്തി ഉണ്ടായിരുന്നത്തിനാൽ റസ്റ്റോറേഷൻ പ്രവർത്തി ബന്ധപെട്ട കരാറുകാരനുമായി

അനുബന്ധ ഉടമ്പടിയിൽ ഏർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

**6.അമല ചൂരക്കാട്ടുകര റോഡ്**

KWA JJM പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കി റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നതിനായി KWA പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിലും പൂർത്തികരിച്ചിട്ടില്ല

**7.അവണൂർ തങ്ങാലൂർ റോഡ്**

0/000 to 3/852 :-KWA JJM പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കി റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നതിനായി KWA പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിലും പൂർത്തികരിച്ചിട്ടില്ല.

**8. വാഴാനി റോഡ് -**

വാഴാനി റോഡിൽ JJM റെസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തിയാക്കാൻ ഉണ്ട്. വടക്കാഞ്ചേരി വാട്ടർ അതോറിറ്റി കാര്യാലയത്തിലേക്ക് റെസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി തവണ കത്തുകൾ അയച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

## അനുബന്ധം-II

**1. അവണ്ണൂർ റോഡ്-Ch.0/000 to 3/100**

ഈ റീച്ചിൽ JJM പൈപ്പിടുന്നതിനായി അനുമതി നൽകിയിട്ടുള്ളതും, പ്രോജക്ട് ഡിവിഷൻ നാട്ടിക_പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. KWA കരാറുകാരൻ പ്രവർത്തി നിർത്തി പോകുകയും, തുടർ പ്രവർത്തികൾ നടക്കുന്നതിന് KWA നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ പിഡബ്ല്യുഡി ഓൺഗോയിങ് പ്രവർത്തി അനിയന്ത്രിതമായി നീണ്ടുപോവുകയും, റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തു. തുടർന്ന് കട്ടിംഗ് പെർമിഷൻ റദ്ദ് ചെയ്ത് ഉത്തരവാകുകയും, KWA അടവാക്കിയ തുക ഉപയോഗിച്ച് റസ്റ്ററേഷൻ പ്രവർത്തി ക്രമീകരിച്ചു നിലവിലെ പ്രവൃത്തി നടത്തുന്ന കരാറുകാരൻ അനുബന്ധ ഉടമ്പടിയിൽ ഏർപ്പെട്ട് പൈപ്പിട്ട ഭാഗത്ത് റസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**Ch.3/100 to 8/900-**

KWA പൈപ്പിടൽ പ്രവർത്തി പൂർത്തീകരിച്ചുവെങ്കിലും റസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല പ്രസ്തുത റീച്ചിൽ പൊതുമരാമത്ത് പ്രവൃത്തി നിലവിൽ ഇല്ലാത്തതിനാൽ KWA ആണ് റസ്റ്റോറേഷൻ പ്രവർത്തി ക്രമീകരിക്കുന്നത് എന്നാൽ നാളിതുവരെ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.ബന്ധപ്പെട്ട കരാറുകാരൻ പ്രവർത്തി നിർത്തി പോയതായാണ് KWA അധികൃതർ വടക്കാഞ്ചേരിCMT മീറ്റിങ്ങുകളിൽ അറിയിച്ചിട്ടുള്ളത്. പൈപ്പ് ഇടുന്നതിനായി കട്ട് ചെയ്ത റോഡ് ക്രോസിങ്ങുകൾ അപകടകരമായ രീതിയിൽ ആയതിനെ തുടർന്ന് KWA പ്രത്യേകം പ്രവർത്തി ക്രമീകരിച്ചിട്ടുള്ളതായി വടക്കാഞ്ചേരിCMT യിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ചിട്ടില്ല. നിരന്തരമായ പരാതികളെ തുടർന്ന് KWA ഡെപ്പാസിറ്റ് തുക ഉപയോഗിച്ച് റസ്റ്റോറേഷൻ പ്രവർത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻ പ്രവർത്തിക്കായുള്ള തുക പ്രസ്തുത വാട്ടർ അതോറിറ്റി സെക്ഷൻ, മറ്റ് പ്രവൃത്തിക്കായി അടവാക്കിയ തുകയിൽ നിന്നും ബാലൻസ് തുക ഉപയോഗിച്ച് കണ്ടെത്തുന്നതിനുള്ള തുടർ നടപടികൾ പുരോഗതിയിലാണ്.